# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : * 73 30.06.2016-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവൽക്കരണ പദ്ധതിയും വനഭൂമി കയ്യേറ്റവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.റ്റി. ടൈസൺ മാസ്റ്റർ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **സംസ്ഥാനത്ത് സാമൂഹ്യ വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്നും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ;** | എ) ഉണ്ട്. സാമൂഹ്യ വനവൽക്കരണ വിഭാഗം നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1) 2009 മുതൽ പൊതുജനപങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്ന വൃക്ഷവൽക്കരണ പരിപാടിയാണ് "**ഹരിതകേരളം**".ത്രിതല പഞ്ചായത്തുകൾ,വിദ്യാർത്ഥികൾ,യുവജന സംഘടനകൾ, മതസ്ഥാപന-ങ്ങൾ , രാഷ്ട്രീയപാർട്ടികൾ എന്നിവയുടെ പങ്കാളിത്തത്തോടെ- യുള്ള പരിപാടിയാണിത്. ഈ പദ്ധതിയുടെകുടക്കീഴിൽ നടപ്പാക്കുന്ന ഒന്നു മുതൽ 9 വരെയുള്ള ക്ലാസ്സിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി **എന്റെ മരം** പദ്ധതി, ഹയർ സെക്കന്ററി തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി "**നമ്മുടെ മരം പദ്ധതി**", ചുമട്ടു-തൊഴിലാളികളുടെ പങ്കാളിത്ത-ത്തോടും സഹകരണത്തോടും കൂടി"**വഴിയോരത്തണൽപദ്ധതി**" എന്നിവ നടപ്പിലാക്കി വരുന്നു. |

2) സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. തേക്ക്, ചന്ദനം. മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി. കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് തൈ ഒന്നിന് 30 മുതൽ 50 രൂപാ വരെ സഹായം നൽകുന്നു.

3) വേമ്പനാട് കായൽ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെയും, കണ്ടൽ ക്കാടുകളുടെയും കണ്ണൂർ മേഖലയിലെ തണ്ണീർത്തടങ്ങളുടേയും ജൈവവൈവിധ്യ സംരക്ഷണം ലക്ഷ്യമിട്ട് കേന്ദ്ര സഹായത്തോടുകൂടി 2006-07 മുതൽ തണ്ണീർത്തട സംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു.

4) വനത്തിനുപുറത്തുള്ള ജൈവവൈവിധ്യ സംരക്ഷണം പരിപോഷിപ്പിക്കുന്നതി ലേക്കായി ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി കോട്ടയം, ആലപ്പുഴ ജില്ലകളിലെ കാവുകൾക്ക് ധനസഹായം നൽകുന്നതുകൂടാതെ, കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും 5 കാവുകൾക്കെങ്കിലും ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

5) ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെയും / സംഘടന

കളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി "**സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം**" നടപ്പിലാക്കി വരുന്നു. ലഭ്യമായ സ്വകാര്യഭൂമികളിലും, പൊതുസ്ഥല ങ്ങളിലും ചെറുവനങ്ങൾ സൃഷ്ടി ക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് "**കുട്ടിവനം**' എന്ന പദ്ധതിയും, വരും തലമുറയ്ക്ക് ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി "**ഹെർബൽ ഗാർഡൻ**" എന്ന പദ്ധതിയും , അശ്വതി മുതൽ രേവതി വരെയുള്ള 27 ജന്മനക്ഷത്രങ്ങളെ പ്രതിനിധീകരിക്കുന്ന വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള "**നക്ഷത്രവനം പദ്ധതി**" യും നടപ്പിലാക്കിവരുന്നു.

6) തണ്ണീർത്തട സംരക്ഷണ പദ്ധതിയും, നദീതട സംരക്ഷണ പദ്ധതിയും സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന ഈ വർഷം കൂടുതൽ ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കുന്ന തിനുവേണ്ടി നടപടികൾ സ്വീകരിച്ചു വരുന്നു.

ബി) **സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമിയുണ്ടെന്ന് വെളിപ്പെടുത്താമോ; ഈ വനഭൂമി സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;**

ബി) സംസ്ഥാനത്തെ വനവിസ്തൃതി 11309.48 സ്ക്വയർ കിലോമീറ്ററാണ് (1130948 ഹെക്ടർ) ഇവയെ കേരള വന നിയമം, കേന്ദ്ര വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം റിസർവ്വ് വനമായും, വന്യജീവി സങ്കേതങ്ങളായും ദേശീയോദ്യാനങ്ങളായും വിജ്ഞാപനം ചെയ്തുകൊണ്ടും പരിസ്ഥിതി ലോല പ്രദേശങ്ങളെ ഇ.എഫ്.എൽ നിയമപ്രകാരവും നിക്ഷിപ്ത വനപ്രദേശങ്ങളെ വെസ്റ്റഡ് ഫോറസ്റ്റ് നിയമപ്രകാരവും സംരക്ഷിച്ചുവരുന്നു. കൂടാതെ , 1980 ലെ കേന്ദ്ര വന സംരക്ഷണ നിയമത്തിന്റെ പിൻബല ത്തോടെ വന സംരക്ഷണം കൂടുതൽ

കാര്യക്ഷമമാക്കി വരുന്നുണ്ട്. പ്രസ്തുത വനമേഖലകളെ ഭരണസൗകര്യാർത്ഥം സർക്കിൾ, ഡിവിഷൻ, റെയിഞ്ച്, സ്റ്റേഷൻ, സെക്ഷൻ എന്നിങ്ങനെ തിരിച്ച് സംരക്ഷിച്ചു വരുന്നു. ഇതിനു പുറമേ പൊതുജനപങ്കാളിത്ത ത്തോടെയും വന പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തിവരുന്നു.

സി) **കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേന്ദ്രാനുമതിയില്ലാതെ വനഭൂമി കയ്യേറ്റക്കാർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹെക്ടർ ഭൂമി ഇപ്രകാരം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?**

സി) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേന്ദ്രാനുമതി ഇല്ലാതെ വനഭൂമി കയ്യേറ്റക്കാർക്ക് നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ